"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.**1881/2025/LSGD** തീയതി,തിരുവനന്തപുരം, **30-07-2025**

---

പരാമർശം:-

1. **15/02/2021** ലെ സ.ഉ(സാധാ)**446/2021**/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. **16/03/2022**- ലെ സ.ഉ(സാധാ)**652/2022**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
3. **15.05.2024, 26.03.2025** എന്നീ തീയതികളിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **LSGD/PD/45995/2023-DPLC4** നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ, അറബിക്കടലിനും കായംകുളം കായലിനും ഇടയിൽ ഏകദേശം ദ്വീപ് പോലെ സ്ഥിതി ചെയ്യുന്ന ഒരു ഭൂപ്രദേശവും, കായംകുളം കായലിന്റെ കിഴക്കേക്കരയിൽ നീളത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ഭൂപ്രദേശവും ചേരുന്നതാണ് ആറാട്ടുപുഴ ഗ്രാമപഞ്ചായത്തെന്നും ടി പഞ്ചായത്തിന് ചുറ്റും കടലിലും കായലുമായി ധാരാളം വെള്ളം ഉണ്ടെങ്കിലും ഉപ്പുവെള്ളമായതിനാൽ മനുഷ്യന് ഉപയോഗപ്രദമല്ലെന്നും കിണറും കുളവും കഴിച്ചാലും ഉപ്പിന്റെ അംശമാണുള്ളതെന്നും ആയതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകളെയാണ് കുടിവെള്ളത്തിനായി മുഴുവൻ ജനങ്ങളും ആശ്രയിക്കുന്നതെന്നും പൈപ്പ് ലൈനുകളിലൂടെയുള്ള കുടിവെള്ള വിതരണം തടസ്സപ്പെട്ടുകയോ, പൈപ്പ് ലൈൻ പൊട്ടി മലിനജലം ലൈനിലൂടെ കയറി വരികയോ, ട്യൂബ് വെല്ലുകൾ തകരാറിലാവുകയോ ചെയ്യുന്ന സാഹചര്യത്തിൽ കുടിവെള്ളം പൊതുജനങ്ങൾക്ക് ലഭിക്കാതാകുന്നുവെന്നും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്

(2) ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ **2021-22** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പദ്ധതി നമ്പർ **118/21-22** 'ടാങ്കറിൽ കുടിവെള്ള വിതരണം.' പദ്ധതി നമ്പർ **186/21-22** "കുടിവെള്ള

വിതരണം അധിക തുക വകയിരുത്തൽ' എന്നീ രണ്ട് പദ്ധതികൾ ഏറ്റെടുത്തിരുന്നു എന്നും ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം ഉണ്ടാകുന്ന അവസരങ്ങളിൽ ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ, വാഹനത്തിന്റെ വാടക, ഡ്രൈവറുടേയും സഹായിയുടേയും വേതനം, ഇന്ധനച്ചെലവ് മറ്റ് ചെലവുകൾ ഉൾപ്പെടെ കിലോമീറ്ററിനു 95/- രൂപ കുറവ് നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ അഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് കുടിവെള്ളവിതരണം നടത്തിയിട്ടുള്ളത് എന്നും 28-08-2021, 29-08-2021, 12-09-2021 എന്നീ തീയതികളിൽ പഞ്ചായത്തിലെ 13,14,15 വാർഡുകളിൽ കുടിവെള്ളവിതരണം നടത്തിയതിനു കരാറുകാരന് ആകെ 288 കിലോമീറ്ററിന് 27,360/- രൂപയും 18-09-2021 മുതൽ 15-10-2021 വരെ പഞ്ചായത്തിലെ 6,7,8,13,14,15,16 വാർഡുകളിൽ ആകെ 2870.86 കിലോമീറ്റർ കുടിവെള്ളവിതരണം നടത്തിയതിനു 2,72,731- രൂപയും 20-10-2021 മുതൽ 01-12-2021 വരെ 4,47,559/- രൂപയും 03-12-2021 മുതൽ 15-02-2022 വരെ 10,00,226/- രൂപയും കരാറുകാരന് നൽകിയിട്ടുണ്ടെന്നും 28/8/21 മുതൽ 15/2/22 വരെ 2 പദ്ധതികളിൽ നിന്നായി ആകെ 17,23,161/- രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്നും പ്രസ്തുത തുക 2021-22 ൽ വേനൽക്കാല കടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയ 11 ലക്ഷം രൂപയെക്കാൾ 6,47,785/- രൂപ അധികമായിരുന്നു എന്നും കൂടാതെ 13-02-2022 മുതൽ 31-03-2022 വരെ കുടിവെള്ള വിതരണം നടത്തിയതിന് 4,206 കിലോമീറ്ററിന് 3,99,570/- രൂപ നല്കുവാനുണ്ടെന്നും ആയതിലേക്കായി ആലപ്പുഴ ജില്ലാ ജോയിന്റെ ഡയറക്ടറുടെ റിപ്പോർട്, ആറാട്ടുപ്പുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് , പഞ്ചായത്ത് ഭരണസമിതി തീരുമാനം , വാഹനത്തിന്റെ ജി.പി.എസ് റിപ്പോർട്ട് , ട്രിപ്പ് ഷീറ്റ്, ലോഗ് ബുക്കിന്റെ പകർപ്പ്, ബില്ലുകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് എന്നിവ സഹിതം പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിക്കായി പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3)ലെ റിപ്പോർട്ടിന്റെയും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ , ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം ചെയ്യുന്നതിലേയ്ക്കായി 28/08/2021 മുതൽ 15/03/2022 വരെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചെലവായ 20,28,278/- രൂപയിൽ 17,23,161/- രൂപ കരാറുകാരന് അനുവദിച്ച നടപടി സാധുകരിച്ചുകൊണ്ടും, 28/08/2021 മുതൽ 15/03/2022 വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 20,28,278/- (ഇരുപതു ലക്ഷത്തി ഇരുപത്തിഎട്ടായിരത്തി ഇരുന്നൂറ്റി എഴുപത്തി എട്ട് രൂപ മാത്രം രൂപ ) ചിലവ് ആധികാരികത ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത ഉത്തരവുകളിലെ വ്യവസ്ഥകൾക്ക്

വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് , ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് 1/ആഡിറ്റ് 2,കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്കവകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ./ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 30-07-2025 14:47:49